**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4078** **03-03-2023 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര താലൂക്കിൽ എത്ര പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര താലൂക്കിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല. |
| (ബി) | നാദാപുരം മണ്ഡലത്തിലെ കായക്കൊടി പഞ്ചായത്തിലെ കായക്കൊടിയിലും ചെക്ക്യാട് ഗ്രാമപഞ്ചായത്തിലെ കുറുവന്തേരിയിലും മാവേലി സ്റ്റോർ അനുവദിക്കാൻ നൽകിയ കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നാദാപുരം മണ്ഡലത്തിലെ കായക്കൊടി, ചെക്ക്യാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 10.03.2022 ലെ സ.ഉ.(സാധാ) നം. 587/2022/LSGD ഉത്തരവ് പ്രകാരം ഒരു പഞ്ചായത്തിൽ രണ്ടാമത് വിൽപ്പനശാല ആരംഭിക്കുന്നതിന് ചുരുങ്ങിയത് 700 ചതുരശ്ര അടി സ്ഥലസൗകര്യമുള്ള കെട്ടിടം വാടക രഹിതമായി പഞ്ചായത്ത് കണ്ടെത്തി നൽകേണ്ടതും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്. ആയതു പ്രകാരം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും, പഞ്ചായത്ത് ഭരണ സമിതി തീരുമാനം ലഭ്യമായിട്ടില്ല. നിലവിലെ നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട വില്പനശാലകളുടെ വിപണന സാധ്യത, ജീവനക്കാരുടെ ലഭ്യത എന്നിവ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം എന്താണെന്ന് അറിയിക്കാമോ? | (സി) | നാദാപുരം മണ്ഡലത്തിലെ കായക്കൊടി, ചെക്ക്യാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 10.03.2022 ലെ സ.ഉ.(സാധാ) നം. 587/2022/LSGD ഉത്തരവ് പ്രകാരം ഒരു പഞ്ചായത്തിൽ രണ്ടാമത് വിൽപ്പനശാല ആരംഭിക്കുന്നതിന് ചുരുങ്ങിയത് 700 ചതുരശ്ര അടി സ്ഥലസൗകര്യമുള്ള കെട്ടിടം വാടക രഹിതമായി പഞ്ചായത്ത് കണ്ടെത്തി നൽകേണ്ടതും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്. ആയതു പ്രകാരം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് |

| | | | |
|---|---|---|---|
| | | | കത്ത് നൽകിയിട്ടുണ്ടെങ്കിലും, പഞ്ചായത്ത് ഭരണ സമിതി തീരുമാനം ലഭ്യമായിട്ടില്ല. നിലവിലെ നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട വില്പനശാലകളുടെ വിപണന സാധ്യത, ജീവനക്കാരുടെ ലഭ്യത എന്നിവ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ